പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4509

25.10.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്.

## ശബരിമലയിലും പമ്പയിലും ശുദ്ധജല വിതരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും, ടൂറിസവും, ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) ശബരിമലയിലും പമ്പയിലും കുപ്പിവെള്ളം നിരോധിച്ചുകൊണ്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; | (എ) ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശബരിമലയിലും പമ്പയിലും കുപ്പിവെള്ളം നിരോധിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ആർ.ഒ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ഉത്തരവ് ദേവസ്വം ബോർഡ് ഇറക്കിയിട്ടുണ്ട്. |
| (ബി) തീർത്ഥാടനത്തിനെത്തുന്ന ഭക്തജനങ്ങൾക്ക് ശുദ്ധജല വിതരണത്തിന് എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുള്ളത്; | (ബി) ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവടങ്ങളിൽ മണിക്കൂറിൽ ആയിരം ലിറ്റർ ശേഷിയുള്ള നാല് ആർ.ഒ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നാല് ആർ.ഒ പ്ലാന്റുകൾ ഉടൻ സ്ഥാപിക്കുന്നതാണ്. ഔഷധക്കൂട്ട് ഇട്ട് തിളപ്പിച്ച വെള്ളം ഭക്തർക്ക് നൽകുന്നതിന് നിലവിൽ 5000 ലിറ്റർ ശേഷിയുള്ള ബോയിലറുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പമ്പയിലും, നിലയ്ക്കലിലും ഗ്യാസ് അടുപ്പ് മുഖാന്തിരം പരാമവധി ചൂടുവെള്ളം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മണിക്കൂറിൽ 33,000 ലിറ്റർ ശേഷിയുള്ള ആർ.ഒ/യു.വി/യു എഫ് പ്ലാന്റ് ഈ മണ്ഡല മകരവിളക്ക് ക്കാലത്തിന് മുമ്പായി സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി നടപടി സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | തീർത്ഥാടനക്കാലത്ത് പമ്പയിലും ശരണപാത യിലും സന്നിധാനത്തുമായി എത്ര ലിറ്റർ ശുദ്ധജല വിതരണം നടത്തേണ്ടി വരും എന്ന് വ്യക്തമാക്കുമോ?; | (സി) | പമ്പയിലും, നിലയ്ക്കലിലുമായി പ്രതിദിനം 5,50,000 ലിറ്റർ കുടിവെള്ളവും, നിലയ്ക്കലിൽ 2,50,000 ലിറ്റർ കുടിവെള്ളവും ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു. |

Section Officer